**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1564    15/02/2016 -ൽ മറുപടി മറുപടിയ്ക്ക്

# വിഷരഹിത പച്ചക്കറികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) വിഷരഹിത പച്ചക്കറികൾ വ്യാപകമാക്കുന്നതിൽ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) വിഷവിമുക്തമായ പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ പ്രത്യേക ലേബലിൽ വിപണിയിൽ ലഭ്യമാക്കുക എന്നതാണ് 'സേഫ് ടു ഈറ്റ്' പദ്ധതിയുടെ ഉദ്ദേശം. നല്ല കൃഷിരീതികൾ (Good Agricultural practices) അവലംബിച്ചു കൊണ്ട് വിഷരഹിത പച്ചക്കറികൾ വ്യാപകമാക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. PGS (Participatory Guarantee system) വഴി പച്ചക്കറികളിലേയും പഴങ്ങളിലേയും ഗുണമേന്മ ഉറപ്പു വരുത്തുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ പ്രധാന ഘടകങ്ങളായ വീട്ടു വളപ്പിലെ പച്ചക്കറി കൃഷി, നഗരങ്ങളിലെ മട്ടുപ്പാവ് കൃഷി, വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും മറ്റു സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളുടേയും വളപ്പുകളിലെ കൃഷി എന്നിവ പ്രധാനമായും ജൈവരീതിയിൽ ഊന്നിയാണ് നടപ്പിലാക്കുന്നത്. വാണിജ്യാടിസ്ഥാനത്തിലുള്ള ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ജൈവരീതികൾ അവലംബിക്കാൻ കർഷകർക്ക് പ്രേരണ നൽകുന്നതിനായി ബ്ലോക്ക് തല ഫെഡറേറ്റഡ് ഓർഗനൈസേഷൻ പ്രവർത്തിച്ചു വരുന്നു. |

2015-16 സാമ്പത്തിക വർഷത്തിൽ ഓപ്പൺ വെജിറ്റബിൾ കൾട്ടിവേഷൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും "എല്ലാ വീട്ടിലും കറിവേപ്പ്" എന്ന പരിപാടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മലയാള മനോരമയുമായി ചേർന്ന് നടപ്പിലാക്കി.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 24275 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 46 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കഴിഞ്ഞ 3 വർഷങ്ങളിലായി വിതരണം ചെയ്തീട്ടുണ്ട്. പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും, ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവവളങ്ങൾ, പൂച്ചെടികൾ, ജൈവരോഗകീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുമായി 'കൃഷി ബിസിനസ്സ് കേന്ദ്ര'എന്ന പേരിൽ ഒരു നഴ്സറി പ്രവർത്തിച്ചുവരുന്നു. 2 കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തീട്ടുണ്ട്.

| | |
|---|---|
| ബി) ജൈവകീടനാശിനികളും കീടങ്ങളെ അതിജീവിക്കുന്ന വിത്തുകളും കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) ജൈവകീടനാശിനികൾ, നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിപണനം നടത്തി വരുന്നു. വിത്തുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ ഇക്കോ ഷോപ്പുകൾ മുഖേനയും ജൈവ ഉല്പാദനോപാധികൾ വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ